കേരളത്തിന്റെ ഊർജ്ജം

**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: : +91 471 2514472, 2514527, 2514455, 2514608
Email: po@kseb.in.

No. PS-ST1/2023/2431 (1)  Dated: 21.10.2023

**പരിപത്രം**

Sub:- കെ .എസ്.ഇ.ബി ലിമിറ്റഡിലെ മീറ്റർ റീഡർമാരുടെ അവധി – സ്പഷ്ടീകരണം നല്കുന്നത് സംബന്ധിച്ച്.

Ref :- 9.05.2023 ന് ഡയറക്ടർ (ഡിസ്ട്രിബ്യൂൻ, ഐ.റ്റി & എസ്.സി.എം) ന്റെ കാര്യാലയത്തിൽ KSEB Worker's Association (CITU) ന്റെ പ്രതിനിധികളുമായി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ മീറ്റർ റീഡിംഗ് ജോലിയിലേർപ്പെട്ടിരിക്കുന്നവർ അതതു മാസത്തിൽ എടുക്കേണ്ട മീറ്റർ റീഡിംഗുകൾ പ്രസ്തുത മാസത്തിലെ ഇരുപത്തി അഞ്ചാം ദിവസം എടുത്തു തീർക്കണം എന്ന വ്യവസ്ഥ മീറ്റർ റീഡിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് അത്യാവശ്യ ഘട്ടങ്ങളിൽപോലും അർഹതപ്പെട്ട ലീവുകൾ നിഷേധിക്കാനിടയാകുന്നതായി നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തന്മാസറീഡിംഗുകൾ സമയബന്ധിതമായി പൂർത്തീകരിക്കണം എന്ന വ്യവസ്ഥ മാറ്റുന്നത് കൃത്യമായ ഇടവേളകളിൽ ഉപഭോക്താക്കൾക്ക് ബില്ല് നൽകുന്നതിന് വിഘാതം ആകുകയും കെ.എസ്.ഇ.ബി.എൽ- ൽ ടെലിസ്കോപ്പിക് താരിഫ് ഘടന നിലനിൽക്കുന്നതിനാൽ ഉപഭോക്താക്കൾക്കിടയിൽ പരാതികൾക്കിടവരുത്തുകയും ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്ത് ഒരു പരിഹാരം കണ്ടെത്തുന്നതിനായി 19.05.2023 ന് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എസ്.സി.എം) അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ പ്രസ്തുത വിഷയം സംബന്ധിച്ച് താഴെപ്പറയും പ്രകാരം തീരുമാനമെടുക്കുകയുണ്ടായി.

കെ.എസ്.ഇ.ബി ലിമിറ്റഡിൽ മീറ്റർ റീഡർമാരായി ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാർ അവധി എടുക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ദിവസത്തെ/ദിവസങ്ങളിലെ റീഡിംഗ് ജോലികൾ കരാർ വ്യവസ്ഥയിൽ മീറ്റർ റീഡിംഗ് ജോലി ഏറ്റെടുത്തു പൂർത്തീകരിച്ചു നൽകി വരുന്ന ജീവനക്കാരെ ഉപയോഗിച്ച് പൂർത്തീകരിക്കാവുന്നതാണ്. ഇത്തരത്തിൽ താല്ക്കാലികമായിട്ടുള്ള ക്രമീകരണം മൂലമുള്ള സാമ്പത്തിക ബാധ്യത ലീവ് എടുക്കുന്ന ജീവനക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതല്ല. കൂടാതെ മീറ്റർ റീഡർമാർ റീഡിംഗ് എടുക്കുവാൻ നിയോഗിക്കപ്പെട്ട ദിവസം പൊതു അവധി ആയാൽ പ്രസ്തുത ദിവസം ജോലി ചെയ്തതിന് കോമ്പൻസേറ്ററി ഓഫ് അനുവദിക്കേണ്ടതാണ്.

**SABITHA S**
**Secretary**

To

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയര് മാനര് ക്കും / ടി. എ ടു ചെയര് മാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി, എസ്.സി.എം. & ഐ.റ്റി)/ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും / സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.